## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5471** **27.03.2018 ൽ മറുപടിയ്ക്ക്**

**ചേലക്കര മണ്ഡലത്തിൽ ചക്ക - മാങ്ങ സംസ്കരണ പ്ലാൻറ് സ്ഥാപിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ചേലക്കര നിയോജകമണ്ഡലത്തിൽ ചക്ക - മാങ്ങ എന്നിവ സംസ്കരിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഉണ്ട് എന്നറിയിക്കാമോ; | എ) ബി) & സി) ചേലക്കര ഫാമിൽ ചക്ക സംസ്കരണത്തിനുള്ള പ്ലാന്റിന്റെ നിർമ്മാണപ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാലും യന്ത്രസാമഗ്രികൾ വന്നിട്ടില്ലാത്തതിനാലും പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചക്ക - മാങ്ങ എന്നിവ സംസ്കരിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ കൂടുതൽ സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| ബി) ചേലക്കര നിയോജകമണ്ഡല പരിധി പ്രദേശത്ത് നല്ലതോതിൽ ചക്കയും മാങ്ങയും വിളയുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഇവ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ പ്ലാന്റുകൾ കൃഷി വകുപ്പ് മുഖേന സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | |
| സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | |

Mayaf

സെക്ഷൻ ഓഫീസർ